നിങ്ങൾ (റമദാൻ മാസപ്പിറവി) കണ്ടാൽ നോമ്പ് നോൽക്കുക;
നിങ്ങൾ (ശവ്വാൽ മാസപ്പിറവി) കണ്ടാൽ നോമ്പ്
അവസാനിപ്പിക്കുക. നിങ്ങൾക്ക് മേൽ മറയിടപ്പെട്ടാൽ അത്
നിങ്ങൾ കണക്കാക്കുക. (എണ്ണം പൂർത്തിയാക്കുക)
അബ്ദുല്ലാഹി ബ്നു ഉമർ -ماَ ُهْنَع هُ

َ ِض َي الل
ر- നിവേദനം: നബി صلى الله عليه وسلم പറഞ്ഞു: "നിങ്ങൾ (റമദാൻ
മാസപ്പിറവി) കണ്ടാൽ നോമ്പ് നോൽക്കുക; നിങ്ങൾ (ശവ്വാൽ മാസപ്പിറവി) കണ്ടാൽ നോമ്പ്
അവസാനിപ്പിക്കുക. നിങ്ങൾക്ക് മേൽ മറയിടപ്പെട്ടാൽ അത് നിങ്ങൾ കണക്കാക്കുക. (എണ്ണം
പൂർത്തിയാക്കുക)."
[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]
റമദാൻ മാസം ആരംഭിക്കുന്നതിൻ്റെയും അവസാനിക്കുന്നതിൻ്റെയും അടയാളമാണ് നബി -صلى الله عليه وسلم- ഈ ഹദീഥിൽ
വിവരിച്ചിരിക്കുന്നത്. റമദാനിൻ്റെ മാസപ്പിറ കണ്ടാൽ നിങ്ങൾ നോമ്പെടുക്കാൻ
ആരംഭിക്കണമെന്നും, മാസപ്പിറവി കാണാൻ കഴിയാത്ത വിധത്തിൽ മേഘങ്ങൾ കാരണത്താലോ മറ്റോ
നിങ്ങൾക്ക് മറയിടപ്പെട്ടാൽ (റമദാനിന് മുൻപുള്ള മാസമായ) ശഅ്ബാൻ മുപ്പത് പൂർത്തിയായതായി
കണക്കു കൂട്ടണമെന്നും നബി -صلى الله عليه وسلم- അറിയിക്കുന്നു. ഇതു പോലെ, (റമദാനിന് ശേഷമുള്ള മാസമായ)
ശവ്വാലിൻ്റെ മാസപ്പിറവി കണ്ടാൽ നോമ്പ് അവസാനിപ്പിക്കണമെന്നും, മാസപ്പിറവി കാണാൻ
സാധിക്കാത്ത വിധത്തിൽ മേഘങ്ങൾ കൊണ്ടോ മറ്റോ തടസ്സമുണ്ടായാൽ റമദാൻ മുപ്പത്
ദിവസമുള്ളതായി കണക്കു കൂട്ടണമെന്നും നബി -صلى الله عليه وسلم- ഓർമ്മപ്പെടുത്തുന്നു.
https://sunnah.global/hadeeth/ml/show/4549